# വീട്ടുവളപ്പിലെ ചെടികൾ

## മുക്കുറ്റി

മലയാളിക്ക് പ്രത്യേകം പരിചയപ്പെടുത്തേണ്ടതില്ലാത്ത ഒരു ചെറുചെടിയാണ് മുക്കുറ്റി. ഓണവുമായി ബന്ധപ്പെട്ടാണ് മുക്കുറ്റി ശ്രദ്ധേയമാകുന്നത്. ദശപുഷ്പങ്ങളിലൊന്നെന്ന നിലയിൽ തിരുവാതിരക്കാലത്തും കർക്കിടമാസത്തിൽ തലയിൽ ചൂടാനും ഇലക്കുറി തൊടാനും മുക്കുറ്റി ഉപയോഗിച്ചുവരുന്നു ഹിന്ദുക്കൾ. അതിനപ്പുറത്ത്, മുക്കുറ്റിയുടെ ഔഷധഗുണങ്ങളെക്കുറിച്ച് ഇന്നത്തെ തലമുറക്ക് അറിവ് തീരെ കുറവാണ്.

നിലംതെങ്ങ്, തീണ്ടാനാഴ് എന്നീ പേരുകളിലും മുക്കുറ്റി ചിലയിടങ്ങളിൽ അറിയപ്പെടുന്നു. ഇംഗ്ലീഷിൽ സെൻസിറ്റീവ് പ്ലാന്റ് എന്നു വിളിക്കപ്പെടുന്ന മുക്കുറ്റിയുടെ ശാസ്ത്രനാമം ബയോഫിറ്റം സെൻസിറ്റൈവം എന്നാണ്. കാട്ടുപ്രദേശങ്ങളിൽ നാട്ടുമുക്കുറ്റിയെക്കാൾ കുറച്ചുകൂടി ഉയരത്തിൽ വളരുന്ന കാട്ടുമുക്കുറ്റിയും ഉണ്ട് (ബയോഫിറ്റം കാൻഡോലിയാനം).

കൂടിയാൽ ഒരു വർഷമാണ് മുക്കുറ്റിയുടെ ആയുസ്. ചെടിക്ക് 10-15 സെ.മീ. ഉയരമുണ്ടാകാം. ഭൂമിയിൽനിന്ന് വളർന്നുയർന്ന ഒറ്റ തണ്ടും അതിന്റെ അഗ്രഭാഗത്ത് എല്ലാവശങ്ങളിലേക്കുമായി വിന്യസിച്ചിരിക്കുന്ന സംയുക്ത ഇലകളും ഒരു തെങ്ങിന്റെ സൂക്ഷ്മ രൂപം മുക്കുറ്റിക്ക് നൽകുന്നുണ്ട്. ഇലകൾക്കു മുകളിലുള്ള തണ്ടിന്റെ അൽപ്പം വീർത്തിരിക്കുന്ന അഗ്രത്തിൽനിന്നും മുകളിലേക്കു വളരുന്ന ചെറിയ തണ്ടുകളുടെ അഗ്രങ്ങളിൽനിന്നും അഞ്ച് ദളങ്ങളുള്ള മഞ്ഞ പൂക്കളുണ്ടാകുന്നു. തണലും ഈർപ്പവുമുള്ള പ്രദേശങ്ങളിൽ വളരുന്നു.

മുക്കുറ്റിയുടെ വേരുമുതൽ വിത്തുവരെയുള്ള എല്ലാഭാഗങ്ങളും ഔഷധഗുണമുള്ളവയാണ്. രസത്തിൽ കയ്പും കഷായവും ചേർന്നതും ഗുണത്തിൽ ലഘുവും വീര്യത്തിൽ ശീതവും വിപാകത്തിൽ കടുവുമാണ് മുക്കുറ്റി.

ആർത്തവകാലത്ത് അമിതരക്തസ്രാവമുള്ള സ്ത്രീകൾ മുക്കുറ്റി സമൂലം അരച്ച് വെണ്ണയും ചേർത്ത് കഴിച്ചാൽ രോഗം മാറും.

പ്രസവശേഷം ഗർഭപാത്രം ശുദ്ധിയാക്കാനായി മുക്കുറ്റിയില ശർക്കരയും ചേർത്ത് കുറുക്കി കഴിക്കാറുണ്ട് ചില പ്രദേശങ്ങളിൽ.

മുക്കുറ്റി സമൂലമെടുത്ത് വെള്ളം തൊടാതെ അരച്ച് മുറിവിൽ വെച്ചുകെട്ടി നനയ്ക്കാതെ സൂക്ഷിച്ചാൽ മൂന്നു ദിവസത്തിനകം മുറിവ് കരിയും. (മുറിവ് കൂട്ടി -- മുറികൂട്ടി -- മുക്കുറ്റി എന്നിങ്ങനെയാണ് മുക്കുറ്റി എന്ന പേരു വന്നതെന്ന് ചിലർ പറയുന്നു.)

മുക്കുറ്റിയുടെ വിത്തെടുത്ത് അരച്ചുപുരട്ടിയാൽ വ്രണങ്ങൾ ഉണങ്ങും.

മുക്കുറ്റി ഇല അരച്ച് മോരിൽ കലക്കി ദിവസം നാലഞ്ചുവട്ടം സേവിച്ചാൽ വയറിളക്കം മാറും.

മുക്കുറ്റി സമൂലമരച്ചെടുത്ത് നെറ്റിയിൽ പുരട്ടുന്നത് തലവേദനക്കും ചെന്നിക്കുത്തിനും ആശ്വാസം നല്കും.

മുക്കുറ്റി സമൂലമരച്ച് തേനിൽ ചേർത്തു കഴിച്ചാൽ ചുമയും കഫക്കെട്ടും മാറിക്കിട്ടും.

മുക്കുറ്റി അരച്ച് പുരട്ടുകയും വെണ്ണയോ നെയ്യോ ചേർത്ത് കഴിക്കുകയും ചെയ്താൽ കടന്നൽ കുത്തിയ നീരും വേദനയും തീരുകയും കടന്നൽവിഷം ഇറങ്ങുകയും ചെയ്യും.

മുലപ്പാലിനെ ശുദ്ധമാക്കാനും രക്തസ്രാവം തടയാനും ദഹനശക്തി ഉണ്ടാക്കാനും മുക്കുറ്റിക്കു കഴിവുണ്ട്.

**സുധീർകുമാർ**